ADV-C2/280/2022-PandARD

Web & New Media

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം.ഉപ.സി.2/280/2022/ഉഭപവ　　തിരുവനന്തപുരം, തീയതി: 30-10-2024

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്- സ്പെഷ്യലൈസ്ഡ് വിഭാഗം ജീവനക്കാരുടെ പുതുക്കിയ പെർഫോമൻസ് അപ്രൈസൽ ഫോം നടപ്പിൽ വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. 14.03.2022 ലെ ഉപ.സി 2/118/2021/ഉഭപവ നമ്പർ സർക്കുലർ.
2. 27.10.2023 ലെ ഉപ.സി. 2/30/2023/ഉഭപവ നമ്പർ സർക്കുലർ.

************************

സംസ്ഥാനത്തെ സ്പെഷ്യലൈസ്ഡ് വിഭാഗം ജീവനക്കാർ ഒഴികെയുള്ള ഗസറ്റഡ് ജീവനക്കാർക്ക് പുതുക്കിയ പെർഫോമൻസ് അപ്രൈസൽ ഫോം നടപ്പിലാക്കിക്കൊണ്ട് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സർക്കുലറിലെ ഖണ്ഡിക 5 പ്രകാരം സ്പെഷ്യലൈസ്ഡ് വിഭാഗം ജീവനക്കാർക്ക് ജോലിയുടെ സ്വഭാവം, ഡ്യൂട്ടി, തസ്തികയുടെ ആവശ്യകത എന്നിവയെ അടിസ്ഥാനമാക്കി ന്യൂമറിക്കൽ ഗ്രേഡിംഗ് സംവിധാനത്തോടെ പുതുക്കിയ പെർഫോമൻസ് അപ്രൈസൽ ഫോമുകൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുമായി കൂടിയാലോചിച്ച് തയ്യാറാക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിനെ തുടർന്ന് സ്പെഷ്യലൈസ്ഡ് വിഭാഗം ജീവനക്കാർക്ക് പ്രത്യേകമായ പെർഫോമൻസ് അപ്രൈസൽ ഫോം തയ്യാറാക്കി 6 മാസത്തിനുള്ളിൽ നടപ്പിൽവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് സൂചന (2) പ്രകാരം നിർദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത സർക്കുലർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സ്പെഷ്യലൈസ്ഡ് വിഭാഗം ജീവനക്കാർക്ക് പ്രത്യേകമായ പെർഫോമൻസ് അപ്രൈസൽ ഫോം നടപ്പിലാക്കുന്നതിനുള്ള നടപടികൾ എല്ലാ ഭരണ വകുപ്പുകളും പൂർത്തീകരിച്ചതായി കാണുന്നില്ല.

മേൽ സാഹചര്യത്തിൽ സ്പെഷ്യലൈസ്ഡ് വിഭാഗം ജീവനക്കാർക്ക് പ്രത്യേകമായ പെർഫോമൻസ് അപ്രൈസൽ ഫോം നടപ്പിലാക്കുന്ന നടപടികൾ പൂർത്തീകരിക്കാത്ത ഭരണ വകുപ്പുകൾ ആയത് അടിയന്തരമായി നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് കർശന നിർദേശം നൽകുന്നു.

വീണ എൻ മാധവൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും'
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sivakumar. G
Date: 02-11-2024 17:51:38
സെക്ഷൻ ഓഫീസർ.

<u>പകർപ്പ്</u> : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്